# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1815** — **7/3/2018-ൽ മറുപടിക്ക്**

## സ്വകാര്യ പൊതുമേഖലാ മെഡിക്കൽ സ്റ്റോറുകളിൽ ഫാർമസിസ്റ്റ് നിയമനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. സി. ദിവാകരൻ** | | **ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| എ) | സ്വകാര്യ പൊതു മേഖലാ മെഡിക്കൽ സ്റ്റോറുകളിൽ മരുന്നുകൾ എടുത്തു കൊടുക്കുന്നതിന് ഫാർമസിസ്റ്റിനെ നിയമിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ; | എ) | മരുന്ന് വിൽപ്പനയുടെ മേൽനോട്ടത്തിനായി മരുന്ന് വിൽപ്പനശാലകളിൽ രജിസ്റ്റേഡ് ഫാർമസിസ്റ്റിന്റെ സേവനം കർശനമാണെന്ന് ഡ്രഗ്സ് & കോസ്മെറ്റിക്സ് റൂൾസിലെ, റൂൾ 64, 65(2) എന്നിവ പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. രജിസ്റ്റേഡ് ഫാർമസിസ്റ്റിന്റെ മുഴുവൻ സമയ സേവനം, നിയമം അനുശാസിക്കുന്ന മാനദണ്ഡങ്ങൾ എന്നിവ ഉറപ്പാക്കിയതിന് ശേഷം മാത്രമാണ് മരുന്നു വിൽപ്പന ലൈസൻസുകൾ അനുവദിക്കുന്നത്. ആയതിനാൽ മെഡിക്കൽ സ്റ്റോറുകളിൽ മരുന്നുകൾ എടുത്തു കൊടുക്കുന്നതിന് ഫാർമസിസ്റ്റിനെ നിയമിക്കണമെന്ന് പ്രത്യേക നിർദ്ദേശത്തിന്റെ ആവശ്യമില്ല. |
| ബി) | എങ്കിൽ നിർദ്ദേശം പാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ? | ബി) | ഡ്രഗ്സ് ഇൻസ്പെക്ടർമാർ മരുന്ന് വിൽപ്പനശാലകളിൽ നടത്തുന്ന പതിവ് പരിശോധനാവേളകളിൽ ഇക്കാര്യം ഉറപ്പു വരുത്തുന്നുണ്ട്. രജിസ്റ്റേഡ് ഫാർമസിസ്റ്റിന്റെ സേവനമില്ലാതെയുള്ള മരുന്ന് വിൽപ്പന ശ്രദ്ധയിൽപ്പെടുന്ന പക്ഷം ലൈസൻസ് സസ്പെൻഷൻ പോലുള്ള വകുപ്പുതല നടപടികളും, അനിവാര്യമാണെന്ന് കണ്ടാൽ, നിയമനടപടികളും ഡ്രഗ്സ് കൺട്രോൾ വകുപ്പ് സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ